**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2038** **06-07-2022 - ൽ മറുപടിയ്ക്ക്**

**പൊൻമുടി പോലീസ് സ്റ്റേഷനോടനുബന്ധിച്ചുള്ള അമിനിറ്റി സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പൊൻമുടി പോലീസ് സ്റ്റേഷനോടനുബന്ധിച്ച് കഴിഞ്ഞ വർഷം ഉദ്ഘാടനം നടത്തിയ വിനോദസഞ്ചാരികൾക്കായുള്ള അമിനിറ്റി സെന്റർ (ഫെസിലിറ്റേഷൻ കേന്ദ്രം) തുറന്ന് പ്രവർത്തിക്കാതിരിക്കാനുള്ള കാരണം എന്തെന്ന് അറിയിക്കാമോ; | (എ) | പൊൻമുടി പോലീസ് സ്റ്റേഷനോട് ചേർന്നുള്ള അമിനിറ്റി സെന്റർ തുറന്ന് പ്രവർത്തിച്ചു വരുന്നു. |
| (ബി) | എന്തെല്ലാം സൗകര്യങ്ങളാണ് ഇവിടെ വിനോദസഞ്ചാരികൾക്കായി ഒരുക്കിയിട്ടുള്ളത്; ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി എത്ര രൂപയാണ് ചെലവഴിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | വിനോദ സഞ്ചാരികൾക്കും മറ്റും സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനും ഭയരഹിതമായി പ്രകൃതിഭംഗി ആസ്വദിച്ച് മടങ്ങിപ്പോകുന്നതിനും ടൂറിസം പോലീസിന്റെ സേവനങ്ങൾ ഇവിടെ ലഭ്യമാണ്. വിനോദ സഞ്ചാരികൾക്ക് പ്രാഥമിക കർമ്മങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യവും ഇവിടെ ഒരുക്കിയിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനത്തിന് 20 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | പോരായ്മകൾ പരിഹരിച്ച് വിനോദസഞ്ചാരികൾക്കായി ഇത് എന്ന് തുറന്നു കൊടുക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ; വിശദമാക്കാമോ? | (സി) | നിലവിൽ ഇത് തുറന്ന് പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ